**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2110** **21-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുറ്റ്യാടിയും സമീപ പ്രദേശങ്ങളും കേന്ദ്രീകരിച്ച് നടത്തിയ ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച കേസിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ; | (എ) | കുറ്റ്യാടിയും സമീപ പ്രദേശങ്ങളും കേന്ദ്രീകരിച്ച് നടത്തിയ ഗോൾഡ്പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച് 19 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 9 കേസുകളിൽമേൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ടി കേസുകൾ വിചാരണയിലുമാണ്. രണ്ട് കേസുകൾ Mistake of Fact ആയി തീർപ്പാക്കിയിട്ടുള്ളതാണ്. രണ്ട് കേസുകൾ സിവിൽ സ്വഭാവത്തിലുള്ളതാണ്. ബാക്കിയുള്ള 6 കേസുകൾ അന്വേഷണാവസ്ഥയിലാണ്. |
| (ബി) | പ്രസ്തുത നിക്ഷേപ തട്ടിപ്പിലെ മുഴുവൻ തൊണ്ടിമുതലുകളും കണ്ടെടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടെന്ന് തട്ടിപ്പിനിരയായവർ അറിയിച്ച സാഹചര്യത്തിൽ കേസ് പുനരന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് നൽകുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പിന് ഇരയായവർക്ക് നീതി ലഭിക്കുന്നതിനായി അന്വേഷണത്തിലിരിക്കുന്ന ആറ് കേസുകളിലും അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രസ്തുത കേസുകളിൽ BUDS ACT കൂട്ടിച്ചേർത്ത് തുടരന്വേഷണം നടത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കുറ്റ്യാടിയും സമീപ പ്രദേശങ്ങളും കേന്ദ്രീകരിച്ച് നടത്തിയ ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച് 19 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ ആറ് കേസുകൾ ഒഴികെ ബാക്കി കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. അതിനാൽ ഈ കേസുകൾ ക്രൈം ബ്രാഞ്ച് പുനരന്വേഷണം നടത്തേണ്ടതില്ല. |
| (സി) | ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പിന് ഇരയായവർക്ക് നീതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പിന് ഇരയായവർക്ക് നീതി ലഭിക്കുന്നതിനായി അന്വേഷണത്തിലിരിക്കുന്ന ആറ് കേസുകളിലും അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രസ്തുത കേസുകളിൽ BUDS ACT കൂട്ടിച്ചേർത്ത് തുടരന്വേഷണം നടത്താനുള്ള |

| | | | |
|---|---|---|---|
| | | | നടപടികളും സ്വീകരിച്ചിട്ടുണ്ട്. കുറ്റ്യാടിയും സമീപ പ്രദേശങ്ങളും കേന്ദ്രീകരിച്ച് നടത്തിയ ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച് 19 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ ആറ് കേസുകൾ ഒഴികെ ബാക്കി കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. അതിനാൽ ഈ കേസുകൾ ക്രൈം ബ്രാഞ്ച് പുനരന്വേഷണം നടത്തേണ്ടതില്ല. |

സെക്ഷൻ ഓഫീസർ